പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001
ജനുവരി 20, 2017

**പ്രധാൻ മന്ത്രി ഗരീബ് കല്യാൺ ഡെപ്പോസിറ്റ് സ്കീം - (PMGKDS) 296ഭേദഗതി**

ഭാരതീയ റിസർവ് ബാങ്കുമായി കൂടിയാലോചിച്ചതിനുശേഷം ഭാരത സർക്കാർ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ ഡെപ്പോസിറ്റ് സ്കീം - (PMGKDS) 2016, ഡിസംബർ 16 ന് വിജ്ഞാപനം ചെയ്യുകയുണ്ടായി (വിജ്ഞാപനം നം. S.O.4061(E)) പ്രധാൻ മന്ത്രി ഗരീബ് കല്യാൺ യോജന, 2016 നു കീഴിൽ കണക്കിൽ കൊള്ളിക്കാത്ത വരുമാനം വെളിപ്പെടുത്തിയവർക്ക് ഈ പദ്ധതിയിൽ നിക്ഷേപിക്കാവുന്നതാണ്. വെളിപ്പെടുത്തിയ കണക്കിൽ കൊള്ളിക്കാത്ത വരുമാനത്തിന്റെ 25 ശതമാനത്തിൽ കുറയാത്ത തുക ഭാരത സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ബാങ്കുകളിൽ 2016 ഡിസംബർ 17 ശനിയാഴ്ച മുതൽ 2017 മാർച്ച് 31 വെള്ളായാഴ്ച വരെ നിക്ഷേപിക്കാവുന്നതാണ്.

ഇത്തരം നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ സഹകരണബാങ്കുകളെ അധികാരപ്പെടുത്തിയിട്ടില്ലാ എന്ന് ഇതിനാൽ വ്യക്തമാക്കുന്നു. വിജ്ഞാപനത്തിന്റെ ഖണ്ഡിക 7(1) താഴെപറയുന്ന രീതിയിൽ ഭേദഗതി ചെയ്തിരിക്കുന്നു.

“7. അംഗീകൃത ബാങ്കുകൾ- 1) ബോണ്ട്സ് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കാനുള്ള അപേക്ഷകൾ സഹകരണ ബാങ്കുകൾ ഒഴികെ ബാങ്കിംഗ് റഗുലേഷൻ നിയമം 1949 (1949 ലെ 10-ാം നിയമം) ബാധകമായ ഏതു ബാങ്കിംഗ് കമ്പനിക്കും സ്വീകരിക്കാവുന്നതാണ്.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : **2016-2017/1956**